പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *113 — 13/12/2012 ൽ മറുപടിയ്ക്ക്

## റീസർവ്വേ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. എ.കെ. ബാലൻ<br>ശ്രീ. എളമരം കരീം<br>ശ്രീ. ബി. സത്യൻ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | എല്ലാത്തരം ഭൂമികളുടെയും റീസർവ്വേ നടത്തിപ്പ് നടപടികൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിനകം എത്ര വില്ലേജുകളിൽ റീ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്; അവശേഷിക്കുന്നവ എത്ര; | (ബി) | 776 വില്ലേജുകളുടെയും 29 ബ്ളോക്കുകളുടേയും റീസർവ്വെ നടപടികൾ പൂർത്തീകരിച്ച് റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതാണ്, 859 വില്ലേജുകളുടെ റീസർവ്വെ നടപടികൾ പൂർത്തീകരിക്കുവാൻ ശേഷിക്കുന്നു. |
| (സി) | റീസർവ്വേ നടപടികൾക്ക് നിയുക്തമായ സംവിധാനങ്ങൾ എന്തൊക്കെയായിരുന്നു; | (സി) | ആധുനിക ഉപകരണങ്ങളായ ജി.പി.എസ്, ടോട്ടൽ സ്റ്റേഷൻ എന്നീ സംവിധാനങ്ങൾ റീസർവ്വെ നടപടികൾക്കായി ഉപയോഗിച്ചു വരുന്നു. |
| (ഡി) | ഇനിമുതൽ സർക്കാർ ഭൂമി മാത്രം റീസർവ്വേ നടത്തിയാൽ മതി എന്ന് ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ടോ; | (ഡി) | 31.10.12 ലെ സർക്കാർ ഉത്തരവ് (കൈ)നം.409/12/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വെ സർക്കാർ ഭൂമിയിലും, അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യഭൂമിയിലുമാക്കി ഉത്തരവായിട്ടുണ്ട്. |
| (ഇ) | റീസർവ്വേ നിർത്തുന്നതോടെ ഈ രംഗത്ത് നാളിതുവരെ പ്രവർത്തിച്ചുവന്നവരെ പുനർവിന്യസിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (ഇ) | പരിശോധിച്ചു വരുന്നു. |

| | |
|---|---|
| (എഫ്) റീസർവ്വേ നടത്തുന്നതിന് നിലവിലുള്ള സംവിധാനത്തിന് പകരം സ്വകാര്യ ഏജൻസിയെ ചുമതലപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ? | (എഫ്) ഇല്ല. |

സെക്ഷൻ ഓഫീസർ